# ശബരിമല : സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കി

ശബരിമല മണ്ഡല-മകരവിളക്ക് തീർഥാടനത്തോടനുബന്ധിച്ച് സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കി. ശബരിമലയിലും പരിസരപ്രദേശങ്ങളിലും വിവിധ ജോലികൾക്കായി എത്തുന്ന തൊഴിലാളികൾ അവരവരുടെ താമസസ്ഥലത്തുള്ള പോലീസ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, ആധാർ/വോട്ടർ ഐഡി കാർഡിന്റെ പകർപ്പ്, ഹെൽത്ത് കാർഡ്, രണ്ട് പാസ്പോർട്ട് സൈസ് കളർ ഫോട്ടോകൾ എന്നിവയുമായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പോലീസ് സ്റ്റേഷനുകളിൽ ഏതിന്റെ പരിധിയിലാണോ ജോലി ചെയ്യാൻ ഉദ്ദേശിക്കുന്നത് ആ സ്റ്റേഷനിൽ ഹാജരായി തിരിച്ചറിയൽ കാർഡ് വാങ്ങണം. തിരിച്ചറിയൽ കാർഡ് കൈവശമില്ലാത്തവരെ ജോലിയിൽ തുടരുവാൻ സുരക്ഷാ കാരണങ്ങളാൽ അനുവദിക്കുന്നതല്ല. പോലീസ് / സർക്കാർ / തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർ ഔദ്യോഗിക തിരിച്ചറിയൽ കാർഡ് ധരിച്ചിരിക്കണം. നിലയ്ക്കലിലേക്ക് വരുന്ന എല്ലാ സ്വകാര്യ വാഹനങ്ങളും പോലീസിന്റെ പ്രത്യേക നിരീക്ഷണത്തിലായിരിക്കും .